

എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

1 ജൂൺ 2019
വാല്യം 51 ലക്കം 6 വില 25.00

ഡയറക്ടർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
നാളന്ദ, തിരുവനന്തപുരം 695 003
ഡയറക്ടർ : 0471 2316306
എഡിറ്റർ : 9895062972
editorvijnanakairali@gmail.com
casokan65@gmail.com
www.keralabhashainstitute.org
സംസ്കാര :0471-2331581
പ്രാദേശിക കേന്ദ്രം
കോഴിക്കോട്: 0495-2366124

ചീഫ് എഡിറ്റർ
പ്രൊഫ.വി. കാർത്തികേയൻ നായർ
എഡിറ്റർ
സി. അശോകൻ
പത്രാധിപസമിതി
ഡോ. ഷിബു ശ്രീധർ
എൻ. ജയകൃഷ്ണൻ
കെ.ആർ. സരിതകുമാരി
ഡോ. ബിജു ബാലകൃഷ്ണൻ
എൻ. എസ്. അരുൺ കുമാർ
ഡോ. ഗംഗ റ്റി.
റാഫി പൂക്കോം
അനുപമ. ജെ
സർക്കുലേഷൻ മാനേജർ
എസ്. സുബ്രഹ്മണ്യം
9387800539
ടൈപ്സെറ്റ് & ലേ ഔട്ട്
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14
കവർ ഡിസൈൻ
നാരായണ ഭട്ടതിരി
സ്റ്റേറ്റ് പ്രൊമോട്ടർ
മടന്തകോട് രാധാകൃഷ്ണൻ
9497755727

വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്തം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായി കൊള്ളേണ്ടതില്ല. ലേഖകർ പൂർണവിലാസവും ഇ - മെയിലും ഫോൺ നമ്പരും ഒപ്പം ചേർക്കുവാൻ താൽപ്പര്യപ്പെടുന്നു.

– എഡിറ്റർ

**06 ഇരുളൊച്ചകളുടെ ചരിത്രം**
രാഹുൽ രാധാകൃഷ്ണൻ



**32 തിരസ്കൃത പ്രതിഭ**
**ഡോ. വി.വി. വേലുക്കുട്ടി അരയൻ**
അജിത.എ.പി



**40 ദേശിങ്ങനാടിന്റെ**
**ഉദയാസ്തമയങ്ങൾ**
ഡോ. എം.ജി. ശശിഭൂഷൺ



**10 ഒരു യമണ്ടൻ**
**തമോഗർത്തത്തിന്റെ നേർക്കാഴ്ച**
വി.പി.എൻ നമ്പൂതിരി

**18 കൊട്ടുവിള മുതൽ**
**സിലിക്കൺവാലി വരെ**
സാബു കോട്ടുക്കൽ

**24 എഴുത്തിലെ സങ്കൽപനങ്ങൾ**
**ചെറുകഥയെ മുൻനിർത്തിയുള്ള**
**ധൈഷണികാപഗ്രഥനം**
ശരത് ചന്ദ്രൻ

**28 ചിന്താവിഷ്ടയായ സീത**
ഡോ. പി. സോമൻ

**35 ജാതിയും ദ്രാവിഡഭാഷാചരിത്രവും**
എം. ശ്രീനാഥൻ

**46 നവോത്ഥാനം**
**സഹോദരൻ അയ്യപ്പന്റെ കൃതികളിൽ**
ബിന്ദു എ. എം

**52 വള്ളത്തോളിന്റെ 'ശിഷ്യനും മകനും'**
**ഒരു സ്ത്രീപക്ഷവായന**
ഡോ. അനിൽകുമാർ പി.എ.

**56 രാവണൻ**
**നായകനും പ്രതിനായകനും**
അജീഷ് ജി ദത്തൻ

**62 സന്തോഷ് ഏച്ചിക്കാനത്തിന്റെ**
**കഥകളിലെ ലക്ഷകസങ്കൽപനതലങ്ങൾ**
യമുന എം. നമ്പൂതിരി

**65 രാമകുലശേഖര ചക്രവർത്തിയുടെ**
**ശാസനങ്ങളും വ്യാഴത്തിന്റെ നിലയും**
**– ഒരു പുനർപഠനം**
അനീഷ് എസ്.

**67 യക്ഷി സങ്കൽപം – ഒരു പുനർപഠനം**
ശരത് സുരേന്ദ്രൻ

**69 സന്ധി : അധ്വാനലഘൂകരണത്തിന്റെ**
**ഭാഷണസന്ദർഭങ്ങൾ**
നൗഷാദ് എസ്.

**73 മാമാങ്കം**
**സംസ്കാരം, ചരിത്രം**
ഡോ. മഞ്ജുഷ ആർ. വർമ

**76 സാഹിത്യ ഗവേഷകർക്ക്**
**ഒരു മാർഗദർശി**
ഡോ. ടി. ജമാൽ മുഹമ്മദ്

**76 മനുഷ്യത്വത്തിന്റെ കഥാകാരൻ**
എം. സി. പോൾ

**81 പുസ്തകപരിചയം**

# വിദ്യാലയങ്ങൾ തുറക്കുമ്പോൾ

മധ്യവേനലവധി കഴിഞ്ഞ് ഇടവപ്പാതിയോടൊപ്പം വിദ്യാലയങ്ങളും തുടങ്ങുകയായി. പുതുവസ്ത്രങ്ങളുടെയും പുതുപുസ്തകങ്ങളുടെയും മണം നുകർന്നു കൊണ്ടാണ് ഓരോ വിദ്യാർഥിയും പള്ളിക്കൂടത്തിലേക്ക് എത്തിച്ചേരുന്നത്. പുതിയ കൂട്ടുകാരും പുത്തനറിവുകളും ഓരോ അധ്യയനവർഷാരംഭവും പഠിതാക്കളെ ആഹ്ലാദഭരിതരാക്കുന്നു.

സ്കൂളുകൾ തുറക്കുന്നതിനു മുൻപുതന്നെ പാഠപുസ്തകം വിതരണത്തിനായി എത്തിക്കഴിഞ്ഞു. എട്ടാംക്ലാസ്സുവരെ പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയാണ് സർക്കാർ. യൂണിഫോമിന്റെ കാര്യവും അങ്ങനെ തന്നെ. ആധുനിക പഠനോപകരണങ്ങളാൽ ക്ലാസ്സുമുറികൾ സ്മാർട്ടായിക്കഴിഞ്ഞു. അതിലേക്കായും കോടിക്കണക്കിന് രൂപ സർക്കാർ ചെലവാക്കുന്നു. വിജ്ഞാനം വിരൽത്തുമ്പിലെത്തിക്കാൻ സാങ്കേതികവിദ്യ ക്ലാസ്സുമുറികളിൽ വാസമുറപ്പിച്ചു.

കേരളപാഠ്യപദ്ധതിയനുസരിച്ച് സർക്കാർ-എയ്ഡഡ്-അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന ആകെ വിദ്യാർഥികളുടെ ഏകദേശം നാലിലൊന്ന് വരും സി.ബി.എസ്.ഇ - ഐ.സി.എസ്.സി പാഠ്യപദ്ധതിയനുസരിച്ച് പഠിക്കുന്നവർ. മലയാളികൾതന്നെയാണവരും പക്ഷേ മലയാളം പഠിക്കുന്നില്ല. കേരളപാഠ്യപദ്ധതിയനുസരിച്ച് ഒന്നാംഭാഷ മലയാളമാണ്. രണ്ടാംഭാഷ ഇംഗ്ലീഷും മൂന്നാംഭാഷ ഹിന്ദിയും. അതാണ് ആറുപതിറ്റാണ്ടുകൾക്കു മുമ്പ് കേന്ദ്രസർക്കാർ ആവിഷ്കരിച്ച ത്രിഭാഷാപദ്ധതി. അത് കൃത്യമായി നടപ്പാക്കുന്ന ഏകസംസ്ഥാനം കേരളമാണ്.

ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി - ഹയർസെക്കൻഡറി പരീക്ഷകളിൽ മികച്ച വിജയം നേടിയ സ്കൂളുകളുടെ എണ്ണം മുൻവർഷത്തേക്കാൾ കൂടുതലാണെന്ന് പത്രങ്ങൾ എഴുതിയിരുന്നു. സന്തോഷമുള്ള കാര്യമാണ്. എന്നാൽ ആ വിദ്യാലയങ്ങളിൽ ബഹുഭൂരിപക്ഷത്തിലും അധ്യയനമാധ്യമം ഇംഗ്ലീഷാണ്. കേരള പാഠ്യപദ്ധതിയായതുകൊണ്ട് മലയാളം നിർബന്ധമായതിനാൽ അതും പഠിക്കുന്നുണ്ടെന്നു മാത്രം. അത്തരമൊരു നിർബന്ധമില്ലായിരുന്നുവെങ്കിൽ മലയാളം പഠിക്കുന്നവരുടെ എണ്ണം വളരെ പരിമിതമാകുമായിരുന്നു.

ഈയൊരു സാഹചര്യത്തിലാണ് കേരളസർക്കാർ കഴിഞ്ഞ വർഷം പ്രസിദ്ധം ചെയ്ത ഒരുത്തരവ് പ്രസക്തമാവുന്നത്. അത് മാതൃഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ടുള്ളതാണ്. കേരളത്തിനകത്ത് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധമായും പഠിപ്പിച്ചിരിക്കണം എന്നതാണ് ഉത്തരവിന്റെ കാതൽ. അധ്യയനമാധ്യമം മാറ്റണമെന്ന് നിഷ്കർഷിക്കുന്നില്ല. കേരളത്തിനകത്തെ സ്കൂളുകളിലെ വിദ്യാർഥികളിൽ ബഹുഭൂരിപക്ഷവും മലയാളികൾ തന്നെയാണെന്നകാര്യത്തിൽ സംശയമില്ല. എന്നിട്ടും സർക്കാരുത്തരവ് പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ശക്തമായ പ്രതിഷേധമാണ് അതിനെതിരെ ഉയർത്തിക്കൊണ്ടുവന്നത്. ദീർഘകാലം പാനം ചെയ്യുന്നതുകൊണ്ട് ഒഴിവാക്കാനാകാത്ത ശീലമായി മദ്യാസക്തി മാറുന്നതുപോലെ ഇംഗ്ലീഷ് അധ്യയനമാധ്യമത്തോട് മധ്യവർഗവൽക്കരിക്കപ്പെട്ട മലയാളിക്കും അഭിനിവേശമുണ്ടായിരിക്കുന്നു.

ഇന്ത്യയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഏകദേശം രണ്ടു നൂറ്റാണ്ടിന്റെ ചരിത്രമുണ്ട്. ബ്രിട്ടീഷ് ഭരണം ബംഗാളിൽ സ്ഥാപിതമായി അധികം കഴിയുന്നതിനു മുൻപു തന്നെ സെറാംപൂർ കേന്ദ്രീകരിച്ച് ക്രൈസ്തവമിഷണറിമാർ മതബോധനം തുടങ്ങിയിരുന്നു. ഇംഗ്ലീഷിലുള്ള പ്രാർഥനാപുസ്തകങ്ങൾ പ്രാദേശികഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി നാട്ടുകാരെ തങ്ങളുടെ മതത്തിലേക്ക് ആകർഷിക്കുകയായിരുന്നു ലക്ഷ്യം. അതിലേക്കായി നാട്ടുകാരെ ഇംഗ്ലീഷ് പഠിപ്പിക്കേണ്ടത് അനിവാര്യമായിരുന്നു. ആ അനിവാര്യത അനുക്ഷണവികാസം പ്രാപിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ചൂഷണ താൽപ്പര്യങ്ങൾക്കും അനുപേക്ഷണീയമായിരുന്നു. ഈയൊരു സാഹചര്യത്തിലാണ് 1813-ൽ ബ്രിട്ടീഷ് പാർലമെന്റ് ചാർട്ടർ നിയമം പരിഷ്കരിച്ചപ്പോൾ ഇന്ത്യയിലെ വിദ്യാഭ്യാസ വ്യാപനത്തിനായി ഒരു ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയത്. എന്നാൽ ആ തുക എങ്ങനെ ചെലവഴിക്കണമെന്ന കാര്യത്തിൽ അഭിപ്രായഭിന്നത രൂക്ഷമായി. പൗരസ്ത്യവാദികളും പാശ്ചാത്യവാദികളും (Orientalists Vs Occidentalists) തമ്മിലായിരുന്നു ഏറ്റുമുട്ടൽ. ഇതിനൊരന്ത്യമുണ്ടായത് തോമസ് ബാബിങ്ടൺ മെക്കാളെ എന്ന നിയമപണ്ഡിതനെ ഗവർണർ ജനറലിന്റെ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമായി നിയമിച്ച് ഇന്ത്യയിലേക്കയച്ചതോടുകൂടിയാണ്. രണ്ടു ദശാബ്ദക്കാലമായി പണ്ഡിതന്മാർ തമ്മിലുണ്ടായിരുന്ന പോർക്കലി 1835-ൽ മെക്കാളെ എഴുതിയ പ്രസിദ്ധമായ കുറിപ്പോടുകൂടിയാണ് അവസാനിച്ചത്. അധ്യയനം ഇംഗ്ലീഷ് മാധ്യമത്തിലൂടെയായിരിക്കണമെന്ന് അർഥശങ്കക്കിടയില്ലാതെ അദ്ദേഹം പ്രഖ്യാപിച്ചു. സംസ്കാരശൂന്യരും ചരിത്രവിഹീനരും അപരിഷ്കൃതരുമായ ഒരു ജനതയെ വിദ്യാഭ്യാസത്തിലൂടെ നവീകരിക്കുക എന്നതാണ് സാമ്രാജ്യത്വലക്ഷ്യമെന്ന് അസന്നിഗ്ധമായി അദ്ദേഹം സിദ്ധാന്തിച്ചു. ജന്മംകൊണ്ട് ഭാരതീയരും കർമംകൊണ്ടും

അഭിരുചികൊണ്ടും പാശ്ചാത്യരുമായ ഒരു ജനതയെ വാർത്തെടുക്കലാണ് സാമ്രാജ്യത്വതാൽപ്പര്യമെന്ന് മെക്കാളെ പറഞ്ഞു. ഒന്നേമുക്കാൽ നൂറ്റാണ്ടിനുശേഷം ഇപ്പോഴും അതിന്റെ സ്വാധീനം നിലനിൽക്കുന്നു എന്നതുകൊണ്ടാണ് കേരളസർക്കാരിന്റെ ഉത്തരവ് പരസ്യമായി വിമർശിക്കപ്പെടുന്നത്.

ഒരു ജനതയുടെ ഭാവി ഭാഗധേയം നിർണയിക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. അത് ഇരുതലയുള്ള വാളാണ്. വിമോചനത്തിനും വിധേയത്വത്തിനും അത് ഉപകരിക്കും. അത് തിരിച്ചറിഞ്ഞതുകൊണ്ടാണ് ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിന്റെ ആയുധമായി ഭാഷയെ ഉപയോഗപ്പെടുത്തിയത്. ശത്രുവിനെ തോൽപ്പിക്കാൻ സൈന്യം മതി. എന്നാൽ മനുഷ്യന്റെ സിരാപടലത്തിലൂടൊഴുകി ജനിതകബോധമായിത്തീർന്ന വിധേയത്വമെന്ന പ്രതിഭാസത്തെ ഉച്ചാടനം ചെയ്യുന്നതിന് സാംസ്കാരികമായ ഉത്തേജകൗഷധമാണ് കുത്തിവയ്ക്കേണ്ടത് എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടാണ് കൊളോണിയലിസത്തിന്റെ ഭരണഭാഷയായ ഇംഗ്ലീഷിനെ പ്രതിരോധിക്കുന്നതിന് ദേശീയതയുടെ ഭാഷയായ മാതൃഭാഷയെ അദ്ദേഹം ആയുധമാക്കിയത്. ആഢ്യബ്രാഹ്മണൻ മുതൽ അടിയാളനും ആദിവാസിയും വരെയുള്ള നാൽപ്പത്തഞ്ചുകോടി മനുഷ്യരെ അണിനിരത്തിക്കൊണ്ടുള്ള വിശ്വവിസ്മാപകമായ സമരത്തിന് അദ്ദേഹം രൂപം നൽകിയത് ഭാഷയെന്ന ആയുധത്തെ ഉപയോഗിച്ചുകൊണ്ടായിരുന്നു. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്, മയക്കത്തിൽ നിന്നും ഉണർച്ചയിലേക്ക്, ഇരുണ്ടു കട്ടപിടിച്ച കൽത്തുറുങ്കിൽ നിന്നും തെളിഞ്ഞുപരന്ന വിശാലതയിലേക്കുള്ള കുതിച്ചുചാട്ടത്തിനുള്ള ഉത്തേജകമരുന്നായിരുന്നു ഭാഷ. വിമോചനത്തിനുള്ള ആയുധമാണ് ഭാഷ. കോളനിവാഴ്ചക്കാർ ഇന്ത്യവിട്ടുപോയിട്ട് പതിറ്റാണ്ടുകൾ ഏഴു കഴിഞ്ഞുവെങ്കിലും കൊളോണിയൽ ഭാഷാഭിനിവേശം മദ്യപാനാസക്തിപോലെ ഭാരതീയരുടെ ബോധത്തെ അടിമപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിലാണ് കേരളസർക്കാരിന്റെ മാതൃഭാഷാബോധന ഉത്തരവ് പ്രസക്തമാകുന്നത്. അപകോളനീകരണത്തിന്റെ ഗാണ്ഡീവമാണത്. ആസക്തിയുണ്ടാക്കുന്ന പഞ്ചബാണന്റെ പുഷ്പശരമല്ലത്. രണാങ്കണത്തിൽ യുദ്ധോദ്യുക്തരായി നിൽക്കുന്ന ഭ്രാതാക്കളെയും ഗുരുവരന്മാരേയും കുലപതിമാരേയും ഗളഛേദം ചെയ്തുകൊണ്ട് ഹുങ്കാരത്തോടെ പാഞ്ഞുപോകുന്ന സവ്യസാചിയുടെ ശരം തന്നെയാണത്.

കേരളീയരുടെ ആംഗലഭാഷാഭിനിവേശമാണ് മാതൃഭാഷയായ മലയാളം വൈജ്ഞാനികഭാഷയായി വളരുന്നതിന് തടസ്സം നിൽക്കുന്നത്. കലാശാലകളിലും സർവകലാശാലകളിലും ഗവേഷണസ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ആയിരക്കണക്കിന് പണ്ഡിതന്മാരുണ്ട് നമുക്ക്. അവരുടെ പ്രാഗൽഭ്യം ശിഷ്യഗണങ്ങൾ വാഴ്ത്തിപ്പറയുന്നുമുണ്ട്. വാന്ദിഗീതങ്ങളും വൈതാളികവാണികളും കൊണ്ട് അരചന്മാരെ പള്ളിയുണർത്തുന്ന ഗായകസംഘത്തെപ്പോലെ ഗുരുസ്മരണയാലപിക്കുന്ന ശിഷ്യന്മാർ ഒരു നിമിഷമാലോചിക്കണം തങ്ങളുടെ ഗുരുക്കന്മാർ മലയാളഭാഷയെ വൈജ്ഞാനികഭാഷയാക്കാൻ എന്തു സംഭാവനയാണ് നൽകിയിട്ടുള്ളത് എന്ന്. ഗുരുക്കന്മാരുടെ ആംഗലഭാഷാപ്രയോഗധോരണിയിൽ മുഗ്ധരായി മൂകമിരുന്നുപോയ ശിഷ്യഗണങ്ങളുടെ കാതുകളിൽ ഇപ്പോഴും അവരുടെ ശബ്ദം മുഴങ്ങുന്നുണ്ടാവാം. അത് വെറുമൊരു ഭേരീനാദംപോലെ ശൂന്യതയിൽ അലിഞ്ഞുപോകും. ഒന്നും അവശേഷിപ്പിച്ചേക്കില്ല.

മാതൃഭാഷാബോധനത്തിന്റെ അഭാവം സൃഷ്ടിച്ച ശൂന്യതയെയാണ് ഈ പ്രതിഭാസം വ്യക്തമാക്കുന്നത്. ഭാഷാബോധനത്തിനും പ്രയോഗത്തിനും ഒരു രാഷ്ട്രീയമുണ്ട്. അത് സമ്പത്തും അധികാരവും കൈവശപ്പെടുത്തുന്നവന്റെ രാഷ്ട്രീയമാണ്. സമ്പത്തും അധികാരവും ജനങ്ങളുടേതാവുമ്പോഴാണ് - സമൂഹത്തിന്റേതാവുമ്പോഴാണ് - ജനാധിപത്യം സാർഥകമാവുന്നത്. അപ്പോഴാണ് ജനാധിപത്യം ജനകീയമാവുന്നത്. അവിടെയാണ് മാതൃഭാഷയ്ക്ക് പ്രസക്തിയുണ്ടാവുന്നത്. ഇരുപതാംനൂറ്റാണ്ട് സാക്ഷ്യംവഹിച്ച വിമോചനപ്പോരാട്ട നായകന്മാരായ ലെനിനും ഗാന്ധിജിയും മാവോയും ഹോചിമിനും പാട്രിസ് ലുമുംബയും ജൂലിയസ് നെരേരയും നെൽസൺമണ്ടേലയും വിമോചനത്തിന്റെ ആയുധമായി ഉപയോഗപ്പെടുത്തിയത് ഭാഷയെയായിരുന്നു. അവരുടെയെല്ലാം അപദാനങ്ങൾകൊണ്ട് ക്ലാസ്സുമുറികളെ പ്രകമ്പനം കൊള്ളിക്കാറുള്ള പെഡന്റിക് പ്രൊഫസർമാർ വാസ്തവത്തിൽ വിദ്യാഭ്യാസത്തെ വിമോചനത്തിനുള്ള ആയുധമാക്കുകയല്ല ചെയ്യുന്നത്; വിധേയത്വത്തിന്റെ നരകത്തിലേക്ക് ശിഷ്യപരമ്പരകളെ വലിച്ചെറിയുകയാണ്. ആംഗലഭാഷാഭിനിവേശമാകുന്ന പും എന്ന നരകത്തിൽ നിന്ന് പിതൃക്കളുടെ ആത്മാവിനെ ത്രാണനം ചെയ്ത് മോക്ഷപ്രാപ്തിക്കർഹരാക്കുവാൻ കേരളസർക്കാരിന്റെ മാതൃഭാഷാബോധന ഉത്തരവ് എന്ന പുത്രൻ നിമിത്തമാകുമെന്ന് നമുക്ക് ആശിക്കാം.

**ചീഫ് എഡിറ്റർ**